"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി -എ.ഡി.എസ് 2017-18 - റാന്നി നിയോജക മണ്ഡലം - അയിരൂർ ഗ്രാമപഞ്ചായത്തിൽ ഇംപ്രൂവ്മെൻറ് സ് ട്ടു പള്ളിക്കൽ -പോരോട്ടിത്തടം റോഡ് എന്ന പ്രവൃത്തി -പുതുക്കിയ ഭരണാനുമതി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

**സ.ഉ.(സാധാ) നം.2825/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 11/12/2019

---

പരാമർശം:- 1 05/10/17-ലെ സ. ഉ (ആർ.റ്റി )3220/2017/ത സ്വ ഭ വ നമ്പർ ഉത്തരവ്.

2 ശ്രീ .രാജു എബ്രഹാം എം.എൽ.എ.യുടെ 24/01/2019ലെ കത്ത്.

3 01.08.2019 ലെ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡിബി6/2547/2015/സി.ഇ/തസ്വഭവ നമ്പർ കത്ത്

**ഉത്തരവ്**

റാന്നി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.രാജുഎബ്രഹാം എം.എൽ.എ. യുടെ 2017-18 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും അയിരൂർ ഗ്രാമപഞ്ചായത്തിൽ ഇംപ്രൂവ്മെൻറ് സ് ട്ടു പള്ളിക്കൽ -പോരോട്ടിത്തടം റോഡ് എന്ന പ്രവൃത്തിയ്ക്ക് പരാമർശം (1) ഉത്തരവിലെ ക്രമനമ്പർ 7 പ്രകാരം 10 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുകയും കരാർ ഉടമ്പടിയിൽ ഒപ്പിടുകയും പ്രവർത്താനാനുമതി നൽകുകയും ചെയ്തിരുന്നു. പ്രസ്തുത റോഡിലൂടെ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കൽ നടക്കുന്നതിനാൽ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞില്ല .നിലവിൽ വാട്ടർ അതോറിറ്റിയുടെ പണികൾ പൂർത്തിയായെങ്കിലും റോഡ് മുഴുവൻ പൈപ്പ് ലൈനിന് കുഴിയെടുത്തതിനാൽ ഉപരിതലം കേടുവന്ന അവസ്ഥയിലാണ്.നിലവിലുള്ള എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടപ്പിലാക്കാൻ കഴിയാത്തതിനാൽ പ്രസ്തുത പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം ശ്രീ.രാജു എബ്രഹാം എം.എൽ.എ. ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ചെയിനേജ് 0/000 - 0/061 മീറ്റർ വരെയും ചെയിനേജ് 0/256-0/442 മീറ്റർ വരെ നിലവിലുള്ള കേടുവന്ന കോൺക്രീറ്റ് പ്രതലം പുനർ കോൺക്രീറ്റ് നടത്താനുള്ള എസ്റ്റിമേറ്റിൽ വ്യത്യാസം വരുത്തി ചെയിനേജ് 0/000- 0/255 മീറ്റർ വരെയുള്ള ഭാഗം പുതുതായി കോൺക്രീറ്റ് ചെയ്യാനുള്ള പുതുക്കിയ എസ്റ്റിമേറ്റിന് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റാന്നി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.രാജുഎബ്രഹാം എം.എൽ.എ. യുടെ 2017-18 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും പരാമർശം (1) ഉത്തരവിലെ ക്രമനമ്പർ 7പ്രകാരം 10 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ അയിരൂർ ഗ്രാമപഞ്ചായത്തിൽ ഇംപ്രൂവ്മെൻറ് സ് ട്ടു

പള്ളിക്കൽ -പോരോട്ടിത്തടം റോഡ് എന്ന പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിന് തുകയിൽ വ്യത്യാസം വരുത്താതെ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

ശ്രീ. രാജുഎബ്രഹാം എം.എൽ.എ( ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, അയിരൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട.

ഫിനാൻസ് വകുപ്പ് (അനൗദ്യോഗിക കത്ത് നം. 46/എൻ.സി.ബി.2/2019/ധന. തീയതി 03.09.2019)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ